# IT AND ALLIED EMPLOYEES CONFEDERATION
Affiliated to AITUC, Trad Union No. 19464/2020
P S Smarakam, Vrindavan Gardens, Pattom, Thiruvananthapuram
Ph: 9487870000 email: itecindia.mail@gmail.com web: www.itecindia.org
ITEC
PRESIDENT **A N RAJAN** GENERAL SECRETARY **ANISH ZACHARIAH** TREASURER **RATHEESH KUMAR R**

No.37/2020 22-04-2020

**ശ്രീ. പിണറായി വിജയൻ**
കേരള സംസ്ഥാന മുഖ്യമന്ത്രി
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

**വിഷയം:** 1 ഐ.ടി ജീവനക്കാർക്കായി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കുക
2 നിലവിലെ പ്രതിസന്ധി പഠിക്കാൻ ഒരു സമതിയെ രൂപീകരിക്കുക
3 ഐ.ടിയും അതിന്റെ അനുബന്ധ രംഗത്തിന്റെ വികസനത്തിനായി ഒരു സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കുക - ഇത്തരം പ്രശ്നങ്ങൾ സംബന്ധിച്ച്

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി

ലോകം കണ്ട ഏറ്റവും വലിയ മഹാമാരിയാണ് ഭീതിവിതച്ചു കൊണ്ടിരിക്കുന്ന കോവിഡ്-19, ലോകത്തിന്റെ സാമ്പത്തികഭദ്രതയാണ് തകർന്നടിഞ്ഞുകൊണ്ടിരുക്കുന്നതെന്ന് ഇതിനോടകം നമ്മൾ മനസ്സിലാക്കി കഴിഞ്ഞു. ലോകത്തെ പല വ്യവസായ മേഖലകളും കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് നേരിടാൻ പോകുന്നതെന്ന് ലോകബാങ്ക് തന്നെ വ്യക്തമാക്കി കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഐ.ടിയും അതിന്റെ ഇതരമേഖലകളിലും പണിയെടുക്കുന്ന 10 ലക്ഷത്തോളം ജീവനക്കാരുടെ ഭാവി പ്രതിസന്ധിയിലാക്കും എന്നാണ് കണക്കാക്കുന്നത്.

കേരളത്തിലെ ഐ.ടി കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും വരുമാനനഷ്ടം ഉണ്ടായിത്തുടങ്ങിയതായി വെളിപ്പെടുത്തിയിരിക്കുന്നു. നിലവിലെ വരുമാനക്കുറവ് പരിഹരിക്കാൻ ജീവനക്കാരെ വെട്ടിക്കുറയ്ക്കുക മാത്രമാണ് പരിഹാര മാർഗ്ഗമായി മാനേജ്മെന്റ് സ്വീകരിച്ചിരിക്കുന്ന സമീപനം. ഇതിന് ശക്തി പകരുന്ന തരത്തിൽ ഐ.ടി മേഖലയിലെ മുതലാളിമാരുടെ സംഘടനയായ 'നാസ്ക്കാം' തൊഴിലാളികളെ പിരിച്ചു വിടുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് കത്ത് നൽകിയെന്ന വാർത്ത പുറത്ത് വരുന്നു. ഇതു കൂടാതെ കേരളത്തിലെ ഐ.ടി കമ്പനികളുടെ കൂട്ടായ്മയായ 'ജിടെക്ക്' (ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ്) സർക്കാർ പിന്തുണ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് കത്ത് എഴുതി എന്ന വാർത്തയും പുറത്തു വന്നു.

കേരളത്തിൽ ഐ.ടി പാർക്കുകളിൽ ഒരു ലക്ഷം ജീവനക്കാർക്ക് ഈ ബുദ്ധിമുട്ട് നേരിടുമ്പോൾ ഐ.ടി അനുബന്ധ മേഖലയിലെ ജോലി നോക്കുന്ന പത്ത് ലക്ഷത്തോളം ജീവനക്കാർ കടുത്ത പ്രതിസന്ധിയാണ് അഭിമുഖീകരിക്കാൻ പോകുന്നത്. ഇതിൽ സർക്കാർ ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്തവരാണ് ഭൂരിഭാഗവും. നിലവിൽ സർക്കാരോ, സർക്കാരിതര ഏജൻസിയോ ഐ.ടിയും അതിന്റെ അനുബന്ധ മേഖലയിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കാൻ തയ്യാറായിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്രതിസന്ധികൾ പരിഗണിച്ച് ഐ.ടി ജീവനക്കാർക്കായി ഒരു പ്രത്യേക ക്ഷേമനിധി ബോർഡും നിലവിലെ പ്രതിസന്ധി പഠിക്കാൻ ഒരു സമതിയെയും രൂപീകരിക്കണം. കൂടാതെ ഒരു ഐ.ടിയും അതിന്റെ അനുബന്ധ രംഗത്തിന്റെ വികസനത്തിനായി ഒരു സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കുവാൻ ഈ ജനകീയ സർക്കാർ മുൻകൈയെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**എ എൻ രാജൻ**
പ്രസിഡന്റ്